# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.392 29.01.2019-ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ജെ. മാക്സി | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| | | |
| --- | --- | --- |
| (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവയും ഒപ്പം വന്നു ചേർന്ന പ്രളയക്കെടുതിയും സംസ്ഥാന സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥ യിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. അസംഘടിത മേഖലകളിലെയും പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് ആളുകളെ നോട്ടുനിരോധനം നേരിട്ട് ബാധിച്ചു. 2016-17 ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത് 47,613.61/- കോടി രൂപയായിരുന്നു. എന്നാൽ നോട്ടുനിരോധനം നടപ്പിലാക്കിയ ടി സാമ്പത്തിക വർഷത്തിൽ 42,176.43/- കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചത്.<br>ഉപഭോക്തൃ സംസ്ഥാനമെന്ന നിലയ്ക്ക് ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ നികുതി 20-25 ശതമാനം വർദ്ധിക്കുമെന്ന് സർക്കാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചില്ല എന്നതൊരു വസ്തുതയാണ്. ജി.എസ്.ടി. ഭരണ സംവിധാനം പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതും ടി കാരണത്താൽ നികുതി വെട്ടിപ്പ് തടയുവാൻ കഴിയാത്തതും ചെക്ക് പോസ്റ്റുകളില്ലാത്തതും പകരം ഏർപ്പെടുത്തിയ ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാവാത്തതുമടക്കമുള്ള കാരണങ്ങൾ ചരക്കുസേവന നികുതിയിൽ നിന്നും പ്രതീക്ഷിച്ച വരുമാനത്തിൽ ഇടിവിന് ഹേതുവായിട്ടുണ്ട്.<br>2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനത്തെ എപ്രകാരം ബാധിച്ചു എന്ന് |

| | | |
|---|---|---|
| | | വിശകലനം ചെയ്യാൻ പര്യാപ്തമായ ആധികാരിക കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല. അതേസമയം പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,996/- കോടി രൂപയും, റാപ്പിഡ് ഡാമേജ് അസസ്സ്മെന്റ് ആന്റ് നീഡ്സ് അനാലിസിസ് (Rapid Damage Assessment and Needs Analysis – RDANA) റിപ്പോർട്ട് അനുസരിച്ച് 25,050/- കോടി രൂപയുമാണ്. |
| (ബി) | ഇതിൽ നിന്നും കര കയറുവാൻ എന്തെല്ലാം കേന്ദ്ര സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | നോട്ട് നിരോധനം, ചരക്ക സേവന നികുതി എന്നിവ മൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയിലുണ്ടായ ആഘാതം ലഘൂകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പ്രളയാനന്തരം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2,904.85/- കോടി രൂപ ദുരിതാശ്വാസ സഹായമായും കൂടാതെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 2018-19 സാമ്പത്തിക വർഷത്തിൽ 192.6/- കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) | 2017-18 ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ ചെലവ് എന്നിവ എത്രയെന്നും ആയത് 2018-19 ൽ എത്രയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ; | 2017-18-സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ ചെലവ് എന്നിവ യഥാക്രമം 83,020.14/- കോടി, 99,948.35/- കോടി രൂപയായിരുന്നു 2018-19-ൽ ഇത് യഥാക്രമം 1,02,801.24 /- കോടി, 1,15,661.05/- കോടി രൂപയാകുമെന്നാണ് ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത്. |
| (ഡി) | സംസ്ഥാനത്തിന്റെ പൊതുകടം ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എത്രയായിരുന്നു എന്നും നിലവിലെ കണക്കുകൾ പ്രകാരം എത്ര എന്നും വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരം ഏൽക്കുന്നതിന് തൊട്ടുമുൻപ് അവസാനിച്ച സാമ്പത്തിക വർഷത്തെ (2016 മാർച്ച് 31 ന്) സംസ്ഥാനത്തിന്റെ പൊതുകടം 1,57,370.33/- കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താൽകാലിക കണക്കുകൾ പ്രകാരം 2018 നവംബർ 30-ൽ ഇത് 2,32,689.22/- കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**